(ഇ) ഏറ്റവും ഒടുവിലത്തെ സെൻസസ് പ്രകാരം വരയാടുകളുടേതൊഴിച്ച് മറ്റു മൃഗങ്ങളുടെ എണ്ണം കൂടുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്.

(എഫ്) പാരിസ്ഥിതിക കാരണങ്ങളാണ് വരയാടുകളുടെ എണ്ണത്തിലുള്ള കുറവിന് കാരണമെന്ന് അനുമാനിക്കുന്നു.

(ജി) ആനയുടെത് ഒഴികെ ബാക്കിയുള്ള മൃഗങ്ങളുടെ വർദ്ധനവ് സാധാരണ തോതിലുള്ളതാണെന്ന് കരുതാവുന്നതാണ്.

വന്യമൃഗവേട്ട

70 [5531] ശ്രീ. സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എ. കെ. മണി:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർ അവരുടെ പരമ്പരാഗത ആയുധങ്ങൾ ഉപയോഗിച്ച് വേട്ടയാടുന്നത് നിയമാനുസൃതമാണോ;

(ബി) ആണെങ്കിൽ അവർക്ക് ഏത് വന്യമൃഗത്തേയും വേട്ടയാടുവാൻ അനുവാദമുണ്ടോ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെയ്യാർ വന്യജീവി പാർക്കിലെ മൃഗങ്ങളെ വന്ധ്യംകരണം ചെയ്ത നടപടി

71 [5536] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, പി. ജെ. ജോയി:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിൽ നെയ്യാർ ഡാം പ്രദേശത്ത് എത്ര വന്യജീവി പാർക്കുകളുണ്ട്;

(ബി) ഏതെല്ലാം വന്യജീവികളെയാണ് ഇവിടെ പാർപ്പിച്ചിട്ടുള്ളത്;

(സി) മീൻമുട്ടിയിലും പ്ലാവെട്ടിയിലുമുള്ള മാൻ പാർക്കിന്റെ അവസ്ഥയെന്താണെന്ന് വിശദീകരിക്കുമോ;

(ഡി) പ്ലാവെട്ടി പാർക്കിലെ മാനുകളെ വന്ധ്യംകരണത്തിന് വിധേയമാക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ നടപടി എന്ന് വ്യക്തമാക്കുമോ;

ചോദ്യം നമ്പർ 5532, 5533, 5534, 5535 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നെയ്യാർ സഫാരി പാർക്കിൽ എത്ര സിംഹങ്ങൾ ഉണ്ട്;

(ജി) ഇവയേയും വന്ധ്യംകരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത് വേണ്ടിവന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂന്ന്.

(ബി) ചീങ്കണ്ണി സംരക്ഷണ കേന്ദ്രത്തിൽ ശുദ്ധജല ചീങ്കണ്ണികളേയും, ലയൺ സഫാരി പാർക്കിൽ സിംഹങ്ങളേയും, ഡീർ റിഹാബിലിറ്റേഷൻ സെന്ററിൽ പുള്ളിമാനുകളേയും ആണ് പാർപ്പിച്ചിട്ടുള്ളത്.

(സി) മീൻമുട്ടിയിൽ മാൻപാർക്ക് നിലവിലില്ല. പ്ലാവെട്ടി മാൻപാർക്ക് പ്രവർത്തന സജ്ജമാണ്. അവിടെ ഇപ്പോൾ 26 പുള്ളിമാനുകൾ ഉണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഒമ്പത്.

(ജി) ഒമ്പത് സിംഹങ്ങളിൽ മൂന്നെണ്ണം ആൺ സിംഹങ്ങളാണ്. ഇവരെ വന്ധ്യംകരണം ചെയ്തിട്ടുണ്ട്. നാല് സിംഹങ്ങളുമായി 1992-ൽ ആരംഭിച്ച സഫാരി പാർക്കിൽ സിംഹങ്ങളുടെ എണ്ണം വംശവർദ്ധനവിലൂടെ കൂടുകയുണ്ടായി. ഇത് നിയന്ത്രിക്കാതെ വന്നാൽ സിംഹങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകും. അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും എണ്ണം വർദ്ധിച്ചാൽ ഉണ്ടാകുന്ന വർദ്ധിച്ച ചെലവ് പരിഗണിച്ചും ഇന്ത്യൻ വന്യജീവി (സംരക്ഷണ) നിയമം അനുവദിക്കുന്നതിനാലാണ് വന്ധ്യംകരണം നടത്തിയിട്ടുള്ളത്.

പാട്ടത്തിനു നൽകിയ ഭൂമിയിലെ തിരിമറി

72 [5538] ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. കെ. ജയചന്ദ്രൻ:
,, രാജു എബ്രഹാം:
,, കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിന് നൽകിയ ഭൂമി തിരിമറി നടത്തുകയും പാട്ടഭൂമിയേക്കാൾ കൂടുതൽ ഭൂമി പാട്ടം ഉടമ കൈവശപ്പെടുത്തുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുത്ത് അതിർത്തി പുനർനിർണ്ണയം നടത്താൻ നടപടി സ്വീകരിക്കുമോ?

ചോദ്യം നമ്പർ 5537-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly